# Weekly Devotions of February 2015




## എഴുന്നേല്പിക്കുന്ന നോട്ടം

**എഴുന്നേറ്റ് കാലൂന്നി നിവർന്നു നിൽക്കുക (അ:പ്ര 14:10)**

ക്രൈമിയയിലെ പടയാളികളെ ശുശ്രൂഷിക്കുന്ന നൈറ്റിംഗേൽ തനിക്കും , മരണത്തെ പുൽകുന്ന പടയാളികൾക്കും ഇടയിലുള്ള പാറ പോലെയുള്ള നിയമങ്ങളെ ധൈര്യത്തോടെ അതിജീവിച്ചിട്ടു ്. സൗഖ്യമാകുവാനുള്ള ആഗ്രഹത്തോട് തന്നെ നോക്കിയ രോഗിയുടെ ആഗ്രഹം മനസ്സിലാക്കിയ നൈറ്റിംഗേൽ സ്റ്റോറിൽ നിന്നും കൂവക്കിഴങ്ങ് എടുത്തുകൊ ാടുന്നതു ക ് ശകാര വാക്കുകളുമായി സ്റ്റോറിന്റെ സൂക്ഷിപ്പുകാരൻ അവളെ തടഞ്ഞു നിർത്തി. പാത്രം താഴെവച്ച് അവൾ അയാളെ സൂക്ഷിച്ചുനോക്കിയതിനാൽ ഒന്നും ഉരി

യാടാതെ അയാൾ മടങ്ങുകയും , താൻ ആഗ്രഹിച്ചത് ചെയ്യുവാൻ അവൾക്ക് അവസരം ലഭിക്കുകയും ചെയ്തു.

" അപ്പോൾ കർത്താവ് തിരിഞ്ഞ് പത്രോസിനെ ഒന്നു നോക്കി......................... കർത്താവ് തന്നോടു പറഞ്ഞ വാക്കു പത്രോസ് ഓർത്തു അതി ദു:ഖത്തോടെ കരഞ്ഞു". (ലൂക്കോ:22:61). നോട്ടങ്ങൾ സംസാരത്തെക്കാളും ശക്തിയുള്ളതാണ്. അത് തിരിച്ചറിയുവാനും , അതിനനുസരിച്ച് പ്രവർത്തിപ്പാനും ദൈവമക്കൾക്ക് കഴിവു ാകണം.

ലുസ്ത്രയിൽ ദൈവവചനം പൗലോസ് പ്രസംഗിക്കുമ്പോൾ അമ്മ യുടെ ഗർഭം മുതൽ മുടന്തനും , ഒരിക്കലും നടന്നിട്ടില്ലാത്തവനും, കാലിന് ശക്തിയില്ലാത്തവനുമായ ഒരു പുരുഷൻ അത് ശ്രദ്ധയോടെ കേൾക്കുന്നു ായിരുന്നു. ഉള്ളിൽ ചെന്ന വചനം അവന്റെ ഹൃദയ ത്തിൽ വരുത്തിയ മാറ്റം മുടന്തന്റെ മുഖത്ത് പ്രതിഫലിച്ചിരുന്നു.അ വന്റെ വിശ്വാസം തിരിച്ചറിഞ്ഞ് പരിശുദ്ധാത്മാവു മുഖാന്തരമാണ് അവനോട് എഴുന്നേറ്റു നില്പാൻ പൗലോസ് കല്പിച്ചത്.ഇത് അവന്റെ ഉള്ളിലുള്ള വിശ്വാസത്തെ ഉറപ്പിച്ച് അവന് ധൈര്യം നല്കി. (അ:പ്ര 14:8-10)

" യഹോവയുടെ കണ്ണ് എല്ലായിടവും ഉ ്, ആകാത്തവരെയും നല്ലവ രെയും നോക്കിക്കൊ ിരിക്കുന്നു" (സദൃ 15:3)എന്നും ,

".......തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു" (നഹൂം 1:7) എന്നും തിരുവചനം വ്യക്തമാക്കുന്നു. അതേ ! ബലഹീനന്റെ വിശ്വാസം ക കർത്താവ് എഴുന്നേറ്റ് കാലൂന്നി നിവർന്നു നിൽക്കു വാൻ അവനെ സഹായിച്ചു.സൗഖ്യം പ്രാപിപ്പാൻ വിശ്വാസമു ന്ന് അവന്റെ മുഖത്തു നോക്കിയ പൗലോസിന് മനസ്സിലായി. ( ഈ വിശ്വാസം നമ്മുടെ മുഖത്ത് കാണുമോ ?)

എന്നാൽ സുന്ദരം എന്ന ദേവാലയത്തിനു മുമ്പിലിരുന്ന ജന്മനാ മുടന്തനായവൻ ദിനംപ്രതി വചനം കേട്ടിട്ടും സമ്പത്തിനോടുള്ള ആഗ്രഹം , എന്തുകിട്ടും എന്ന ചിന്തയായിരുന്നു ഉള്ളിലും, മുഖത്തും

(അ:പ്ര 3:2-8). എന്നാൽ പത്രോസും യോഹന്നാനും അവനെ സൂക്ഷിച്ചു നോക്കിയപ്പോൾ ചിന്താഗതി മാറി എഴുന്നേൽക്ക എന്ന ആജ്ഞ അനുസരിപ്പാനുള്ള ധൈര്യം ലഭിക്കുകയും , യേശുവിന്റെ നാമം കേട്ടത് ഹൃദയത്തിൽ പതിയുവാനും ഇടയായി.അവൻ കുതിച്ചെ ഴുന്നേറ്റ് നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

എന്നും വചനം കേട്ട് പഠിക്കുവാൻ അവസരമു ായിട്ടും പഠിക്കാത്തവരും, പഠിപ്പിക്കുവാൻ ദൈവം തന്ന അവസരം ശരിയായി ഉപയോഗിക്കാത്തവരും, കർമ്മനിർവ്വഹണംപോലെ ആർക്കോ വേ ി വായിക്കുന്നവരും, ബോറടി എന്നുപറഞ്ഞ് ദൈവവചനം വായിക്കുകയും പഠിക്കുകയും ചെയ്യാത്തവരും ആത്മീയ മുടന്തരാണ്.. എന്നും ആത്മീയമുടന്തരായിരുന്ന് കുടുംബത്തെ ശാപത്തിലാഴ്ത്താതെ വചനം ക ത്തി ഭക്ഷിക്കുക.ജീവനും ചൈതന്യവുമുള്ള വചനം ഉള്ളിലെത്തി എഴുന്നേറ്റു നിവർന്നു നില്ക്കുവാനാഗ്രഹിക്കുക, കർത്താവ് നോക്കുന്നു.

## പ്രാർത്ഥന

നിത്യദൈവമായ യഹോവേ ! ക്ഷീണിച്ചിരിക്കുന്നവന് ശക്തിയും , ബലമില്ലാത്തവന് ബലവും നൽകുന്ന പിതാവ് അങ്ങെന്നറിഞ്ഞ് പിതാവിൽ വിശ്വസിപ്പാനും ആശ്രയിപ്പാനും കൃപതരേണമേ. ആത്മീയ മുടന്തിൽ നിന്ന് എഴുന്നേല്പാൻ ധൈര്യം തരേണമേ.

ആമേൻ



Sis. Shanthamma Varghese